# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: **137**

05-12-2014 ൽ മറുപടിയ്ക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ വിവിധ വകുപ്പുകൾ പ്രകാരം-<br><br>1. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാപേർക്കും ഒരംഗത്തിന് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യം ഉറപ്പ് നൽകുന്നു.<br>2. ഭക്ഷ്യധാന്യം ലഭിയ്ക്കാതെ വരുന്ന അവസരങ്ങളിൽ ഭക്ഷ്യ അലവൻസ് ഉറപ്പ് നൽകുന്നു.<br>3. റേഷൻ സാധനങ്ങൾ അംഗീകൃത ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ഡോർസ്റ്റെപ്പ് ഡെലിവറി നടത്തുന്നു.<br>4. സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണ-ത്തിലൂടെ എല്ലാ താലൂക്കുകളിലും സുതാര്യത ഉറപ്പ് വരുത്തുന്നു.<br>5. ആധാർ പോലുള്ള യൂണിക് ഐഡന്റിഫിക്കേഷനിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുവാൻ കഴിയുന്നു.<br>6. റേഷൻ സാധന വിതരണത്തിനായി പഞ്ചായത്ത്, സ്വയം സഹായ ഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നു.<br>7. സ്ത്രീ ശാക്തീകരണത്തിനായി റേഷൻ കാർഡിന്റെ ഉടമ കുടുംബത്തിലെ മുതിർന്ന വനിതയായിരിക്കും. |

8. പരാതി പരിഹരിക്കുന്നതിന് ജില്ലാ/സംസ്ഥാനതല സംവിധാനം ഉണ്ടായിരിക്കും.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സുരക്ഷാ നിയമത്തെ മുൻനിർത്തി കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുള്ള പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ: | (ബി) | കീടനാശിനികളുടെ വിഷാംശം, പഴം പച്ചക്കറികൾ എന്നിവയിലടങ്ങിയിരിയ്ക്കുന്നുണ്ടോ എന്ന് പരിശോധിച്ചറിയുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിയ്ക്കുന്ന കീടനാശിനി വിഷാംശ പരിശോധന ശാലയിൽ സംവിധാനമുണ്ട്. 2013 ജനവരി മുതൽ ഈ ലാബിൽ തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലെ പച്ചക്കറിക്കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിയ്ക്കുന്ന പച്ചക്കറി സാമ്പിളുകളിലെ കീടനാശിനിയുടെ അവശിഷ്ടം പരിശോധിച്ചുവരുന്നു. പരിശോധന ഫലം www.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതി കൊണ്ട് കർഷകനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിയ്ക്കുന്ന കർഷകർക്ക് അവരുടെ മൂല്യങ്ങൾക്ക് കൂടുതൽ വില (premium prize) ലഭിക്കുന്നു. പൊതുജനങ്ങൾക്കിടയിൽ സുരക്ഷിത ഭക്ഷണത്തെക്കുറിച്ചുള്ള അവബോധമുള്ളതിനാൽ വിഷരഹിതമായ പച്ചക്കറി, പഴവർഗ്ഗങ്ങൾക്ക്, അധികമായ ആവശ്യം ഉള്ളതിനാൽ, വിപണനം വളരെ എളുപ്പമാകുന്നു. |

സെക്ഷൻ ഓഫീസർ